TB Movie Panel Weekly Review

**#MoviePanel**

Selfie Mummy Google Daddy

OTT : Amazon Prime

എഴുതിയത് : Sandhya Naren

നിങ്ങൾ രാവിലെ എഴുന്നേറ്റയുടൻ അല്ലെങ്കിൽ എഴുന്നേറ്റു ഒരു മണിക്കൂറിനകം മൊബൈൽ എടുത്തു നോക്കാത്ത ദിവസങ്ങളുണ്ടോ? നിങ്ങൾ സംസാരിക്കണം എന്നു തീവ്രമായി ആഗ്രഹിക്കുന്ന സമയത്തു മറ്റൊരാളുടെ മൊബൈൽ നോട്ടം കണ്ടു അസ്വസ്ഥരായിട്ടുണ്ടോ? ചുറ്റും കാണുന്ന കുട്ടികളിൽ വരുന്ന മാറ്റങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഈ സിനിമ കണ്ടതിനു ശേഷം നിങ്ങൾ ശ്രദ്ധിക്കും.

ഒറ്റ വാക്കിൽ പറഞ്ഞാൽ 'മികച്ചൊരു എന്റെർറ്റൈനെർ'എന്ന് പറയാം. അതിനോടൊപ്പം പ്രേക്ഷകരെ ചിന്തിപ്പിക്കുകയും ചെയ്യുന്നു. കന്നഡയാണ് ഭാഷ. ഇംഗ്ലീഷ് സബ്ടൈറ്റിൽസും ലഭ്യമാണ്.

മൊബൈൽ ഫോണിനു അഡിക്ട് ആയ പിഞ്ചു കുഞ്ഞുങ്ങൾ. നിസ്സഹായരായ മാതാപിതാക്കൾ. ഇന്നത്തെ ലോകം കൃത്യമായി തന്നെ കാണിക്കുന്നു.

കുട്ടികളെ ഡി അഡിക്ഷൻ സെന്ററിൽ ചേർക്കാൻ പോകുന്ന മാതാപിതാക്കൾ അവിടെ എത്തുമ്പോൾ ഇതറിഞ്ഞു ഞെട്ടുന്നു, കുട്ടികളെ അല്ല അവരെ ആണ് അഡ്മിറ്റ് ചെയുന്നത് എന്നറിഞ്ഞു. തുടർന്ന് വളരെ രസകരമായ അനുഭവങ്ങളിലൂടെ സിനിമ കുറച്ചു തിരിച്ചറിവുകൾ നൽകുന്നു.

വാലിഡിറ്റി സീക്കിങ് ഫോബിയ അതായതു , കലയോ സാഹിത്യമോ എന്തായാലും അതിനു ലൈക് കിട്ടുന്നില്ലെങ്കിൽ ഉണ്ടാകുന്ന ദുഃഖം, ഒരേ വീട്ടിൽ കഴിഞ്ഞിട്ട് കൂടി പരസ്പരം നേരിട്ട് സംസാരിക്കാതെ സോഷ്യൽ മീഡിയ വഴി മാത്രം സംസാരിക്കുന്ന കുടുംബാഗങ്ങൾ ഇവരെല്ലാം പതിയെ അഡിക്ഷനിലേക്കും മാനസിക രോഗത്തിലേക്കും പോകുകയാണ്.

സിനിമയിൽ കാണിക്കുന്നത് പോലുള്ള ഇന്റർനെറ്റ് ഡി അഡിക്ഷൻ സെന്ററുകൾ വ്യാപകമായി കഴിഞ്ഞു എന്നു എന്റെ തുടർന്നുള്ള അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു.
വിദേശത്തുള്ള മാതാപിതാക്കൾ മകനെ മുത്തച്ഛനെ ഏൽപ്പിക്കുന്നു. സമ്പത്തു കൊണ്ട് അവർ കുട്ടിയെ മൂടുന്നു, മുന്തിയ മൊബൈലും

ഗെയ്മുകളും വാങ്ങി കൊടുക്കുന്നതാണ് സ്നേഹമെന്നു തെറ്റിദ്ധരിക്കുന്ന അവർക്കു വലിയ വില കൊടുക്കേണ്ടി വരുന്നു.

പ്രിയപ്പെട്ട മാതാപിതാക്കളെ ആദ്യം നിങ്ങൾ സ്വയം നന്നാവുക. മക്കൾ തനിയെ നിങ്ങളെ നോക്കി പഠിച്ചോളും.

അവർ വെയിൽ കൊള്ളട്ടെ. മണ്ണിലും ചെളിയിലും കളിക്കട്ടെ, അടിപിടി കൂടട്ടെ, ഉരുണ്ടു വീണു മുറിവുകൾ ഉണ്ടാകട്ടെ... ഇതൊന്നും ചെയ്യാതെ കയ്യിലുള്ള ചതുര പെട്ടിയിൽ ജീവിതം ചങ്ങലക്കിട്ടാൽ നിങ്ങള്ക്ക് നഷ്ടപ്പെടുന്നത് ഓജസ്സും തേജസും ഉള്ള ഒരു തലമുറ തന്നെ ആയിരിക്കും.

സിനിമയിലെ കൊച്ചു പെൺകുട്ടി എന്റെ മകന്റെ സ്കൂളിൽ ആണ് പഠിക്കുന്നത്. അവൻ പറഞ്ഞാണ് ഈ സിനിമ കാണുന്നത്. പിന്നെ സിനിമയുടെ അവസാന ഭാഗത്തു നമ്മൾ മലയാളികൾക്ക് പ്രിയപ്പെട്ട ഒരു സ്പോർട്സ് താരം പ്രത്യക്ഷപ്പെടുന്നുണ്ട്. മൊബൈൽ വിട്ടു മൈതാനത്തേക്ക് വരൂ എന്ന ആശയമാണ് സിനിമ ആഹ്വാനം ചെയുന്നത്.

മൊത്തത്തിൽ നല്ലൊരു പടം. മലയാളത്തിൽ ഡബ്ബ് അല്ലെങ്കിൽ റീമേക്ക് ചെയ്യേണ്ടിയിരിക്കുന്നു.